LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരങ്ങൾ ശേഖരിക്കാറുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ വിലാസവും മറ്റ് വിവരങ്ങളും അതാത് പോലീസ് സ്റ്റേഷനുകളിൽ ശേഖരിക്കുകയും അപ്രകാരമെത്തുന്ന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരികയും ചെയ്യുന്നു. തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും ഫോട്ടോ, ഒപ്പ്, തിരിച്ചറിയൽ കാർഡ്, ഫോൺ നമ്പർ, വിരലടയാളം എന്നുമുതൽ ജോലി ചെയ്യുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്.

(ബി) മതിയായ യാത്രാരേഖകളോ തിരിച്ചറിയൽ രേഖകളോ ഇല്ലാതെ ബംഗ്ലാദേശികൾ കേരളത്തിലേക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്ക് തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളതായി അറിവായിട്ടില്ല.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം കൃത്യമായി നടപ്പിൽ വരുത്തുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനിലേക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ഇവരെ സംബന്ധിച്ച് കൂടുതൽ ജാഗ്രത പുലർത്തണമെന്നും ഇവരുടെ തിരിച്ചറിയൽ കാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും സംശയമുള്ളവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതായും മറ്റുമുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ തീവ്രവാദ സംഘടനയുമായി ബന്ധമുള്ളവരും മറ്റും ഉണ്ടോയെന്നറിയുന്നതിനായി ലോക്കൽ പോലീസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗവും സംസ്ഥാന ഇന്റലിജൻസ് വിഭാഗവും ജാഗ്രത പുലർത്തിവരുന്നുണ്ട്. കൂടാതെ നൈറ്റ് പട്രോളിംഗ്, ജനമൈത്രി ബീറ്റ് മുതലായവയിലൂടെ ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നു.

കോട്ടായിൽ എസ്.ഐ. ശ്രീ. ആർ. ശിവശങ്കരന് പ്രൊമോഷൻ

157(5746) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കോട്ടയിൽ എസ്.ഐ. ആയി ജോലി നോക്കുന്ന ശ്രീ. ആർ. ശിവശങ്കരനെ എസ്.ഐ-ൽ നിന്നും സി.ഐ.-ലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) 23-ാം ബാച്ചുകാരനും 2003-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത പട്ടികജാതിക്കാരനായ ശ്രീ. ആർ. ശിവശങ്കരന്റെ പേരിൽ എന്തെങ്കിലും അച്ചടക്കനടപടിയോ ശിക്ഷാ നടപടികളോ നിലവിലുണ്ടോ ; വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ ശ്രീ. ആർ. ശിവശങ്കരനെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ഉദ്യോഗക്കയറ്റം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡി.പി.സി. (ലോവർ) ആണ് സി.ഐ. സ്ഥാനക്കയറ്റത്തിനായിട്ടുള്ള എസ്.ഐ. സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്. ശ്രീ. ആർ. ശിവശങ്കരനെ എസ്.ഐ. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായിട്ട് 29-6-2010, 4-2-2011, 24-8-2012, 1-11-2013 എന്നീ ദിവസങ്ങളിൽ കൂടിയ ഡി.പി.സി (ലോവർ)-യും 26-5-2015-ൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി. (ലോവർ)-യും പരിഗണിച്ചെങ്കിലും ടിയാന്റെ Annual Confidential Report-ൽ adverse remarks ഉള്ളതിനാലും ടിയാനെതിരെ ശിക്ഷണ നടപടികൾ ഉണ്ടായതിനാലും ടിയാനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) അച്ചടക്ക നടപടിയോ ശിക്ഷാ നടപടിയോ നിലവിലില്ല. എന്നാൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻവേണ്ടി ടിയാനെ ഡി.പി.സി. (ലോവർ) അഡ്ഹോക്ക് ഡി.പി.സി. (ലോവർ) പരിഗണിച്ചപ്പോൾ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ താഴെ വിവരിക്കുന്ന അച്ചടക്ക/ശിക്ഷണ നടപടികൾ ഉണ്ടായിരുന്നു.

1. 9-8-2006-ലെ ഡി.ഒ.നമ്പർ 860/06 ആർ ഉത്തരവ് പ്രകാരം വാർഷിക വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുവച്ചു.
2. 5-1-2008-ലെ ഐ.ജി.പി.(ഐ.എസ്) ന്റെ എസ്2/45709/06 എസ് ബി ഉത്തരവ് പ്രകാരം വാർഷിക വർദ്ധനവ് രണ്ട് വർഷക്കാലത്തേക്ക് സഞ്ചിതസ്വഭാവത്തോടെ അല്ലാതെ തടഞ്ഞുവച്ചു.
3. 15-1-2008-ലെ ഐ.ജി.പി.(ഐ.എസ്.)-ന്റെ എസ്2/50992/06 എസ്.ബി. പ്രകാരം വാർഷിക വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത സ്വഭാവത്തോടെ അല്ലാതെ തടഞ്ഞുവച്ചു.
4. 22-12-2008-ലെ ഐ.ജി.പി.(സെക്യൂരിറ്റി)യുടെ എസ്2/64398/06 എസ്.ബി. ഉത്തരവ് പ്രകാരം വാർഷിക വർദ്ധനവ് മൂന്ന് വർഷത്തേക്ക് സഞ്ചിതസ്വഭാവത്തോടെ അല്ലാതെ തടഞ്ഞുവച്ചു.
5. 9-7-2010-ലെ ഐ.ജി.പി. തൃശ്ശൂരിന്റെ TSRO No. 171/10 ഉത്തരവ് പ്രകാരം വാർഷിക വർദ്ധനവ് രണ്ട് വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെ അല്ലാതെ തടഞ്ഞുവച്ചു.
6. 15-9-2012-ലെ ഐ.ജി.പി. തൃശ്ശൂരിന്റെ TSRO No. 268/12 പ്രകാരം വാർഷിക വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുവച്ചു.

(സി) പിരിവ് എ-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.